**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. പി. ടി. തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം തകർന്ന ടൂറിസം രംഗത്തെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കോവിഡ് കാരണം തകർന്ന ടൂറിസം രംഗത്തെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ ഇതിനോടകം തന്നെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴിയുള്ള മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതിയാണ് ഇതിൽ പ്രധാനം. ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുവാൻ 2021-22-ലെ പുതുക്കിയ ബജറ്റിൽ 30 കോടി രൂപ വകയിരുത്തിയതിന്റെയടിസ്ഥാനത്തിൽ പാക്കേജ് തയ്യാറായി വരുന്നുണ്ട്. കേരളത്തിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രത്യേക വിപണന- പ്രചാരണ പരിപാടികളും നടത്തുന്നതാണ്. |
| (ബി) | കേരളത്തിൽ വരുന്ന വിദേശ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ആഭ്യന്തര - വിദേശ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സമൂഹ മാധ്യമങ്ങളിലൂടെയും മറ്റു പരമ്പരാഗത മാധ്യമങ്ങളിലൂടെയും മാത്രമല്ല വിവിധ OTT ചാനലുകൾ, ഓൺലൈൻ മാധ്യമങ്ങൾ, മ്യൂസിക് സ്ട്രീമിംഗ് ചാനലുകൾ തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും വിവിധ പ്രചാരണ കാമ്പയിനുകൾ നടപ്പാക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. |
| (സി) | ടൂറിസം മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപകമായി നടപ്പാക്കിയതോടെ ടൂറിസം മേഖലയിലെ നേരിട്ടും അല്ലാതെയുമുള്ള തൊഴിലവസരങ്ങൾ വർദ്ധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2017 ജൂൺ) ആർ |

| | | | |
|---|---|---|---|
| | | | ടി മിഷൻ രൂപീകരണത്തോടെ ഇതിന് ആക്കം കൂടി. ആർ ടി മിഷൻ രൂപീകരണത്തിന് മുൻപും ശേഷവുമുള്ള പ്രവർത്തന നേട്ടങ്ങൾ  താഴെ കൊടുത്തിരിക്കുന്നു. ആർ ടി മിഷന് മുൻപ് (2008-2017)-9 വർഷങ്ങൾ-രജിസ്റ്റേഡ് യൂണിറ്റുകൾ-197, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ-ഇല്ല, പ്രത്യക്ഷ ഗുണഭോക്താക്കൾ-843, പരോക്ഷ ഗുണഭോക്താക്കൾ-2529, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം-7, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരിക ളുടെ എണ്ണം-4000, ആകെ ലഭിച്ച പ്രാദേശിക വരുമാനം-12 കോടി രൂപ ആർ ടി മിഷൻ രൂപീകരണത്തിനു ശേഷം (2017ആഗസ്റ്റ് - 2021 മാർച്ച് )-3.5 വർഷങ്ങൾ -രജിസ്റ്റേഡ് യൂണിറ്റുകൾ-2019, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ-16013, പ്രത്യക്ഷ ഗുണഭോക്താക്കൾ-36815, പരോക്ഷ ഗുണഭോക്താക്കൾ-63915, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം-140, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരികളുടെ എണ്ണം-92543, ആകെ ലഭിച്ച പ്രാദേശിക വരുമാനം-37 കോടി രൂപ |
| (ഡി) | രാജ്യത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നാക്കി കേരളത്തെ മാറ്റാൻ ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | പാരിസ്ഥിതിക സംരക്ഷണത്തിലൂന്നിയ അടിസ്ഥാനസൗകര്യ വികസനത്തിലൂടെയും നവീന പ്രചാരണ തന്ത്രങ്ങളിലൂടെയും രാജ്യത്തെ ഏറ്റവും മികച്ച ടൂറിസം ഡെസ്റ്റിനേഷനാക്കി സംസ്ഥാനത്തെ മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമീണ ടൂറിസം സങ്കൽപം വികസിപ്പിച്ച് സഞ്ചാരികൾക്ക് കേരളത്തെ കൂടുതൽ അനുഭവവേദ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ